(9.30 A.M)

II അനുമോദനം

ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

മി. സ്പീക്കർ : സംസ്ഥാനത്ത് ആദ്യമായി വിമാനമാർഗ്ഗം ഹൃദയമെത്തിച്ച് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും സഭ അഭിനന്ദിക്കുന്നു.

ജൂലൈ 22-ാം തീയതി മസ്തിഷ്കമരണം സ്ഥിരീകരിക്കപ്പെട്ട തിരുവനന്തപുരം പാറശ്ശാല ലളിത ഭവനിൽ അഡ്വ. എസ്. നീലകണ്ഠശർമ്മയുടെ ഹൃദയമാണ് ഒന്നേകാൽമണിക്കൂർ കൊണ്ട് കൊച്ചിയിലെത്തിച്ച്, ചാലക്കുടിയിലെ ഓട്ടോറിക്ഷാ ഡ്രൈവറായ ശ്രീ. മാത്യു ആന്റണിക്ക് വിജയകരമായി ഇന്നിച്ചേർത്തത്. സർക്കാരിന്റെ 'മൃതസഞ്ജീവനി' പദ്ധതിയുടെ വിജയമാണ് ഇത് കാണിക്കുന്നത്.

ഈ പ്രവൃത്തിയിലൂടെ അവയവദാനത്തിന്റെ മഹത്വം ജനങ്ങളിലെത്തിക്കാനും അവരിൽ പുതിയൊരു അവബോധം വളർത്താനും സാധിച്ചു. ഹൃദയം മാത്രമല്ല, വൃക്കകളും കണ്ണുകളും ദാനം ചെയ്തതിലൂടെ ഒരു മഹത്തായ സന്ദേശമാണ് നീലകണ്ഠ ശർമ്മയുടെ കുടുംബം നൽകിയത്. ആ കുടുംബത്തെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ശ്രീ. മാത്യു ആന്റണി എത്രയുംവേഗം സുഖം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഒത്തൊരുമയോടെയുള്ള പ്രവർത്തനമാണ് വിജയം കണ്ടത്. സംസ്ഥാന സർക്കാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇൻഡ്യൻ നേവി, പോലീസ് സേനാംഗങ്ങൾ, ഡോക്ടർമാർ, ഇക്കാര്യം ജനങ്ങളിലെത്തിച്ച മാധ്യമ പ്രവർത്തകർ തുടങ്ങി ഈ ജീവകാരുണ്യ പ്രവർത്തനത്തെ ഏകോപിപ്പിക്കുകയും സഹായിക്കുകയും പങ്കാളികളാകുകയും ചെയ്ത എല്ലാവരെയും ഹൃദയംഗമായ അഭിനന്ദനം അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുകയാണ്. നമുക്ക് ആരോഗ്യരംഗത്ത് അസാധ്യമായ ഒന്നുമില്ല എന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ആതുരരംഗത്തെ ഏറ്റവും ബുദ്ധിമുട്ടേറിയ, സങ്കീർണ്ണമായ ഒന്നാണ് ഹാർട്ട് തുന്നിപ്പിടിപ്പിക്കുകയെന്നുള്ളത്. ലിസി ആശുപത്രിയിലെ ഡോ. ജോസിന്റെ നേതൃത്വത്തിൽ ആ ഡോക്ടർമാരുടെ ടീം നേടിയ വിജയമെന്ന് പറഞ്ഞാൽ ഇത് കേരളത്തിന്റെ അഭിമാനകരമായ ഒരു വിജയമാണ്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയുമതാണ്. രണ്ടാമത്തേത്, അങ്ങിവിടെ സൂചിപ്പിച്ച കാര്യംതന്നെയാണ്. എല്ലാവരുംകൂടി യോജിച്ചാൽ കേരളത്തിന് സാധിക്കാത്ത ഒന്നുമില്ലായെന്ന് ഇവിടെ തെളിയിച്ചിരിക്കുകയാണ്. നീലകണ്ഠശർമ്മയുടെ കുടുംബമാണ് ഇതിനെല്ലാം വഴിയൊരുക്കിയത്. അവരുടെ സമയോചിതമായിട്ടുള്ള തീരുമാനം, ദുഃഖത്തിന്റെ തണലിൽ കഴിയുമ്പോഴും ഇത്രയും വിശാലമായി ചിന്തിച്ച ആ കുടുംബത്തോട് നമ്മളെന്നും കടപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ഇതുമായി സഹകരിച്ചവരെല്ലാം, ഇന്ത്യൻ നേവിയുണ്ട്, അതുപോലെ ടി.വി.യിലൊക്കെ കാണാൻ സാധിക്കും പോലീസ് വഴിയൊരുക്കാൻവേണ്ടി ചെയ്യുന്ന സേവനം, അതടക്കം എല്ലാവരും ഇതിന് അഭിനന്ദനമർഹിക്കുന്നു. നമ്മുടെ നാടിന്റെ ഏറ്റവും വലിയ ഒരു നേട്ടമാണിത്. അങ്ങിവിടെ പ്രകടിപ്പിച്ച വികാരം ഉൾക്കൊണ്ടുകൊണ്ട് ഇതിൽ പങ്കാളികളായ എല്ലാവരെയും അഭിനന്ദിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹൃദയം മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയയെക്കുറിച്ചും അതിന്റെ വിജയകരമായ നടത്തിപ്പിനെക്കുറിച്ചും പറഞ്ഞു. നീലകണ്ഠശർമ്മ എന്റെ ഏറ്റവും അടുത്ത സഹപ്രവർത്തകൻ കൂടിയായിരുന്നു. ജീവിച്ചിരുന്നപ്പോൾത്തന്നെ സാമൂഹികമായ പ്രതിബദ്ധത പ്രകടിപ്പിച്ചുകൊണ്ട് സമൂഹത്തിന് വളരെയധികം നന്മചെയ്ത ഒരു വ്യക്തിത്വത്തിനുടമയായിരുന്നു. അദ്ദേഹം മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പാത പിന്തുടർന്നുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സഹധർമ്മിണിയും കുടുംബവും ഹൃദയം നൽകുന്നതിനുവേണ്ടിയുള്ള ഒരു തീരുമാനമെടുത്തത് കേരളം വളരെ അഭിമാനത്തോടുകൂടിയാണ് നോക്കിക്കണ്ടത്. ഇത് കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളവും അഭിമാനകരമായ ഒരു മുഹൂർത്തമാണ്. അവയവദാനത്തിന് വളരെയധികം പ്രാധാന്യമാണ് ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. 'മൃതസഞ്ജീവനി' എന്നുപറയുന്ന ഒരു പ്രത്യേക പദ്ധതിക്കുതന്നെ ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ബ്രെയിൻ ഡെത്ത് സംഭവിക്കുന്ന വ്യക്തികളുടെ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനുവേണ്ടി രോഗികളായ ആളുകളുടെ ഒരു പ്രത്യേക ലിസ്റ്റുതന്നെ ആരോഗ്യവകുപ്പ് വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നീലകണ്ഠശർമ്മയുടെ ഹൃദയവും മറ്റവയവങ്ങളും നൽകാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഹൃദയം ശ്രീ. മാത്യു ആന്റണിക്ക് ലഭ്യമായത് ആ ലിസ്റ്റനുസരിച്ചാണ്. ഏകദേശം പതിനഞ്ചോളം ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നമ്മുടെ സംസ്ഥാനത്ത് നടന്നു. പതിമൂന്ന് പേരും വളരെ ആരോഗ്യവാന്മാരായി ജീവിക്കുന്നുണ്ട്. നീലകണ്ഠശർമ്മയുടെ അവയവങ്ങൾ അഞ്ചോളം ആളുകൾക്ക് ജീവൻ തിരിച്ചുകിട്ടുന്നതിന് സഹായിച്ചിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട കാര്യം ഹൃദയം മാറ്റിവയ്ക്കുന്നുവെന്ന് പറയുമ്പോൾ രണ്ടുമണിക്കൂറിനകത്ത് ഹൃദയം എത്തിക്കേണ്ടതുണ്ട്. അർദ്ധരാത്രിയിൽ ഒപ്പുവച്ച് എയർ ആംബുലൻസ്വഴി ഹൃദയം അവിടെ എത്തിക്കുന്നതിനുള്ള നടപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്. വളരെ അഭിമാനകരമായ മുഹൂർത്തമാണത്. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തന്നെ ഒരു എയർ ആംബുലൻസ് സംവിധാനമേർപ്പെടുത്തുന്നതിനെക്കുറിച്ച് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ സംസാരിച്ചു.

മി. സ്പീക്കർ : എയർ ആംബുലൻസിന്റെ കാര്യം പ്രത്യേക സബ്മിഷനായി വരുന്നുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, രണ്ട് പ്രാവശ്യം യോഗം ചേർന്നു. അതിനുവേണ്ടിയുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കും. അവയവദാനത്തിന് ഏറ്റവും നല്ല ഒരു പ്രോത്സാഹനമായി ഈ നടപടി മാറിയിട്ടുണ്ട്. ഇത് വളരെയധികം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly